## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2522 — 12/03/2020 -ലെ മറുപടിക്ക്.

### ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.കെ. ദാസൻ**
**ശ്രീ.എം. നൗഷാദ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ജോൺ ഫെർണാണ്ടസ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. |
| (ബി) | തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ദഗതിയിലായിരുന്നെന്ന് ആക്ഷേപമുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>1) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 600/- രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് ഇപ്പോൾ 1200/- രൂപയായും, അടുത്ത സാമ്പത്തിക വർഷം മുതൽ 1300/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2) ക്ഷേമനിധി ബോർഡുകൾ അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു.<br>3) ആഭരണതൊഴിലാളി ക്ഷേമനിധി ബോർഡിൽ മുടങ്ങിക്കിടന്ന സെസ് പിരിവ് |

| | | | |
|---|---|---|---|
| | | | ഊർജ്ജിതമാക്കുന്നതിന് 2009 ലെ ആഭരണതൊഴിലാളി ക്ഷേമനിധി ആക്റ്റിൽ, ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>4) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി നിന്നിരുന്ന അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനായി 130 കോടി രൂപ അനുവദിച്ചു. 2020-21 ബജറ്റിൽ ഈ ആവശ്യത്തിനായി 50 കോടി രൂപ കൂടി നീക്കിവച്ചിട്ടുണ്ട്.<br>5) വിവിധ ക്ഷേമനിധി ബോർഡുകളിലെ വരുമാനം വർദ്ധിപ്പിച്ച് ബോർഡുകളെ ശാക്തീകരിക്കുന്നതിനായി അംശദായ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ